നം.സ്പോർട്സ്-2/32397/2019/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം.
തീയതി:17/09/2019.

## സർക്കുലർ

വിഷയം: പൊ.വി. - സ്പോർട്സ് - 2019-20 വർഷത്തെ സ്കൂൾ ഗെയിംസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന: 22/08/2019 ന് ചേർന്ന കെ.എസ്.ജി.എ. എക്സിക്യൂട്ടീവ് യോഗ തീരുമാനം.

2019-20 വർഷത്തെ സംസ്ഥാന സ്കൂൾ സെപക്താക്കറോ, തയ്ക്വാൻഡോ, ത്രോ ബോൾ, ടെന്നിക്കോയിറ്റ് എന്നീ മത്സരങ്ങൾ 24/09/2019 മുതൽ 27/09/2019 വരെ തീയതികളിൽ തൃശ്ശൂരിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്ന വിവരം അറിയിച്ചിരുന്നുവല്ലോ. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത മത്സരങ്ങൾ 30/09/2019 മുതൽ 03/10/2019 വരെ തീയതികളിലായി തയ്ക്വാൻഡോ തൃശ്ശൂർ വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ചും, ത്രോ ബോൾ, ടെന്നിക്കോയിറ്റ്, സെപക്താക്കറോ എന്നീ മത്സരങ്ങൾ തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജ് ഗ്രൗണ്ടിൽ വച്ചും നടത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു. ടി കായിക ഇനങ്ങളുടെ ജില്ലാതലം വരെയുള്ള മത്സരങ്ങൾ പൂർത്തിയാക്കി 27/09/2019 ന് വൈകുന്നേരം 6.00 മണിക്ക് മുമ്പായി ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതും, കുട്ടികളെ സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്. ഇക്കഴിഞ്ഞ മധ്യവേനൽ അവധിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് സംഘടിപ്പിച്ച കായിക അദ്ധ്യാപകർക്കുള്ള ട്രെയിനിംഗിൽ ടി ഇനങ്ങളിൽ പങ്കെടുത്തിട്ടുള്ള അദ്ധ്യാപകരുടെ സേവനം മത്സര നടത്തിപ്പിന് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

### മത്സര ക്രമം

| | |
|---|---|
| തയ്ക്വാൻഡോ | : 30/09/2019 മുതൽ 03/10/2019 വരെ |
| ത്രോ ബോൾ | : 30/09/2019 മുതൽ 01/10/2019 വരെ |
| ടെന്നിക്കോയിറ്റ് | : 01/10/2019 മുതൽ 02/10/2019 വരെ |
| സെപക് താക്കറോ | : 02/10/2019 ന് |

തയ്ക്വാൻഡോ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷനും ഭാര നിർണ്ണയവും 29/09/2019 ന് ഉച്ചയ്ക്ക് ശേഷം 3.00 മണിമുതൽ 6.00 വരെ തൃശ്ശൂർ വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ വച്ചും, മറ്റ് മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ മത്സര ദിവസം രാവിലെ 7.00 മണിക്ക് തൃശ്ശൂർ എഞ്ചിനിയറിംഗ് കോളേജ് ഗ്രൗണ്ടിൽ വച്ചും നടത്തുന്നതായിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്നവർ മത്സര സ്ഥലത്തും അക്കോമഡേഷൻ സെന്ററുകളിലും നേരിട്ട് എത്തിച്ചേരേണ്ടതാണ്.

സ്കൂൾ സ്പോർട്സ് മാന്വൽ പ്രകാരം തയ്ക്വാൻഡോ മത്സരത്തിന് മിനിമം മഞ്ഞ ബെൽറ്റ് എങ്കിലും (അംഗീകൃത സംസ്ഥാന അസോസിയേഷൻ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ്) കരസ്ഥമാക്കിയിട്ടുള്ള കുട്ടികളെ മാത്രമേ സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കാവൂ. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ അംഗീകൃത സുരക്ഷാ ഉപകരണങ്ങൾ (ചെസ്റ്റ് ഗാർഡ്, ഹെഡ് ഗാർഡ്, മൗത്ത് ഗാർഡ്, ആം ഗാർഡ്, ഷിൻ ഗാർഡ്) സ്വന്തമായി കൊണ്ടുവരേണ്ടതാണ്.

മത്സരങ്ങളുടെ നടത്തിപ്പിന്റെ കൂടുതൽ വിവരങ്ങൾക്കും, അക്കോമഡേഷൻ സംബന്ധമായ വിവരങ്ങൾക്കും താഴെ പറയുന്നവരുമായി ബന്ധപ്പെടേണ്ടതാണ്.

1. ശ്രീ.സിജു.പി.ജോൺ, ആർ.ഡി.എസ്.ജി.എ. സെക്രട്ടറി - 9447669972.
2. ശ്രീ.മിഥുൻ, ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർ - 9567036341.

DIRECTORATE OF PUBLIC INSTRUCTION JAGATHY THIRUVANANTHAPURAM-14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

(പകർപ്പ് താങ്കളുടെ അധികാര പരിധിയിലെ എല്ലാ എ.ഇ.ഒ.മാർക്കും, ആർ.ഡി.എസ്.ജി.എ./ എസ്.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും വിതരണം ചെയ്യേണ്ടതാണ്)

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി).

എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി).